**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി – പശ്ചാത്തല മേഖലയ്ക്കുള്ള വിഹിതത്തിന്റെ 15 ശതമാനം വരെ മാത്രമെ ആ മേഖലയിലെ ആസ്തികളുടെ മെയിന്റനൻസിന് വകയിരുത്താൻ പാടുള്ളുവെന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പ്**

സ.ഉ.(സാധാ.)നമ്പർ. 2251/2010/തസ്വഭവ  തിരുവനന്തപുരം, തീയതി: 08.07.2010

പരാമർശം: സ.ഉ.(എം.എസ്.)നം.128/2007/തസ്വഭവ; തീയതി 14.05.2007.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 8.2 (4)–ൽ 'ഓരോ മേഖലയിലെയും (ഉത്പാദനം, സേവനം, പശ്ചാത്തലം) വകയിരുത്തലിന്റെ 15 ശതമാനം വരെ ആ മേഖലയിൽ ആർജ്ജിക്കപ്പെട്ട ആസ്തികളുടെ മെയിന്റനൻസിനായി വകയിരുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഉയർന്ന പരിഗണന നൽകിയിട്ടുള്ള സാഹചര്യത്തിൽ പശ്ചാത്തല മേഖലയ്ക്കുള്ള വിഹിതത്തിൽ നിന്ന് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് കൂടുതൽ തുക വകയിരുത്തുവാൻ അനുമതി നൽകണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലയ്ക്കുള്ള വിഹിതത്തിന്റെ 15 ശതമാനം വരെ മാത്രമെ ആ മേഖലയിലെ ആസ്തികളുടെ മെയിന്റനൻസിന് വകയിരുത്താൻ പാടുള്ളൂവെന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് കൂടുതൽ തുക കണ്ടെത്തുന്നതിനുവേണ്ടി ആവശ്യമെങ്കിൽ പശ്ചാത്തല മേഖലാ വിഹിതത്തിന്റെ 15 ശതമാനത്തിൽ കൂടുതൽ തുക മെയിന്റനൻസിന് വകയിരുത്താവുന്നതാണ്. എന്നാൽ ഉല്പാദന, സേവന മേഖലകൾക്കുള്ള വിഹിതത്തിൽ നിന്ന് ആ മേഖലകളിലെ ആസ്തികളുടെ മെയിന്റനൻസിന് വിനിയോഗിക്കാവുന്ന തുകയ്ക്ക് 15 ശതമാനം എന്ന പരിധി തുടർന്നും ഉണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
8. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം.സെക്ഷനുകൾക്ക്